നൽകാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് 3.5 കോടി രൂപ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കാമെന്ന് എം.എൽ.എ. പറഞ്ഞിട്ടുണ്ട്. കെട്ടിടനിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതാണ്.

12. ബോംബ് നിർമ്മാണത്തിനിടെ യുവാക്കൾ മരണമടഞ്ഞ സംഭവം

11.27 AM]

ശ്രീ. സണ്ണി ജോസഫ്: സർ, കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിൽ ഈസ്റ്റ് ചെറ്റക്കണ്ടിയിൽ കഴിഞ്ഞ മാസം 6-ാം തീയതി ഉച്ചസമയത്ത് ബോംബ് നിർമ്മിച്ചുകൊണ്ടിരിക്കുമ്പോൾ ബോംബ് പൊട്ടിത്തെറിച്ച് രണ്ട് സി.പി.എം. പ്രവർത്തകർ ദാരുണമായി മരിക്കുകയും രണ്ടുപേർക്ക് വളരെ ഗുരുതരമായി പരിക്കുപറ്റുകയും ചെയ്തു. ഷൈജു, സുബീഷ് എന്നീ രണ്ട് സി.പി.എം. പ്രവർത്തകരാണ് മരിച്ചത്. രതീഷ് എന്നയാളിന്റെ കൈപ്പത്തിയും കാലും മുറിച്ചുമാറ്റി കോഴിക്കോട് ആശുപത്രിയിൽ ചികിത്സയിലാണ്. ഇക്കൂട്ടത്തിലുണ്ടായിരുന്ന നിജീഷിനും ഗുരുതരമായി പരിക്കുപറ്റിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പോലീസ് കേസ് എടുത്തിട്ടുണ്ടെന്നും രണ്ട് ബ്രാഞ്ച് സെക്രട്ടറിമാർ, ഒരു എൽ. സി. മെമ്പർ, ഒരു മഹിളാ ഫെഡറേഷൻ നേതാവ്, ഒരു വിദ്യാർത്ഥി നേതാവ് എന്നിങ്ങനെ അഞ്ചുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും പത്ര വാർത്തകളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചു. ഇതിനു മുൻപും കണ്ണൂരിൽ ബോംബ് നിർമ്മാണത്തിനിടയിൽ സ്ഫോടനമുണ്ടാകുകയും ആളുകൾ മരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഭവം നടന്നിട്ട് രണ്ടാഴ്ച കഴിഞ്ഞു. പ്രതിപക്ഷത്തുനിന്നും ആരെങ്കിലും ഈ വിഷയം സഭയിൽ ഉന്നയിക്കുമെന്നാണ് കരുതിയത്. ആരും ഉന്നയിക്കാത്തതുകൊണ്ട് ആ ജില്ലയിൽ നിന്നുമുള്ള ഞാൻ ഉന്നയിക്കുന്നത്. വീണ്ടും അവിടെ അക്രമപരമ്പരകൾ അരങ്ങേറുകയാണ്. കഴിഞ്ഞയാഴ്ച മൊകേരി പഞ്ചായത്ത് ബൂത്ത് പ്രസിഡന്റ് ജഗദീപൻ (കോൺഗ്രസ്) എന്ന കിണർ നിർമ്മാണ തൊഴിലാളി ജോലി കഴിഞ്ഞ് വീട്ടിലേയ്ക്ക് മോട്ടോർ ബൈക്കിൽ പോകുമ്പോൾ തടഞ്ഞുനിർത്തി അദ്ദേഹത്തെ അടിച്ചുവീഴ്ത്തി വായ് മൂടിക്കെട്ടി കാൽമുട്ട് അടിച്ചുതകർക്കുകയും കാലിൽ 20 സ്ഥലത്ത് വെട്ടുകയും കാലിനും കൈയ്ക്കും തലയ്ക്കും ഗുരുതരമായ പരിക്കുപറ്റി ഇപ്പോൾ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ കിടക്കുകയാണ്. മുഖ്യമന്ത്രി അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. അതുപോലെ അക്രമ സംഭവങ്ങളും ബോംബു നിർമ്മാണവും പല ഭാഗത്തും വ്യാപകമായി നടക്കുന്നു. മിക്ക സ്ഥലങ്ങളിലും സി.പി.എം. സുഹൃത്തുക്കൾ പ്രതികളാണ്. ബോംബ് നിർമ്മാണത്തിന് പ്രേരണ നൽകി, ഒത്താശ നൽകി അയക്കുന്ന സഹായികളായ ആളുകളെ പ്രതിചേർക്കാനും ബോംബ് നിർമ്മാണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

11.29 AM]

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കണ്ണൂർ കൊളവല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ ചെറ്റക്കണ്ടിയിൽ കാക്കറോട്ട് കന്നിനടുത്തുള്ള വടക്കേക്കര ചാത്തുക്കുട്ടി എന്നയാളുടെ ഒഴിഞ്ഞ പറമ്പിൽ വച്ച് സി.പി.എം. പ്രവർത്തകരായ ഷൈജു (34), സുബീഷ് (29), രതീഷ് (30), നിജീഷ് (28) എന്നിവർ ചേർന്ന് 6-6-2015-ന് ബോംബ് നിർമ്മാണം നടത്തുന്നതിനിടയിൽ ഉച്ചയ്ക്ക് 12.30-ഓടെ സ്ഫോടനമുണ്ടായതിൽ ഷൈജു, സുബീഷ് എന്നിവർ മരണപ്പെടുകയും രതീഷ്, നിജീഷ് എന്നിവർക്ക് ഗുരുതരമായി പരിക്കേൽക്കുകയുമുണ്ടായി. ഇക്കാര്യത്തിന് കൊളവല്ലൂർ പോലീസ് സ്റ്റേഷനിൽ IPC 304, 201, ES Act-3, 4, 5 എന്നീ വകുപ്പുകൾപ്രകാരം ക്രൈം 489/2015 ആയി പോലീസ് സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തു. സംഭവസ്ഥലം ബി.ഡി.ഡി.എസ്. (ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ സൊല്യൂഷൻ) വിഭാഗത്തിന്റെയും ബോംബ് ഡോഗ് സ്ക്വാഡിന്റെയും സഹായത്തോടെ പരിശോധിച്ചതിൽ ബോംബ് നിർമ്മാണത്തിന് സൂക്ഷിച്ച നിരവധി സ്റ്റീൽ കണ്ടെയ്നറുകളും സ്ഫോടകവസ്തുക്കളും മറ്റ് അസംസ്കൃത വസ്തുക്കളും കണ്ടെടുത്തു. ബോംബിൽ നിറയ്ക്കാനുപയോഗിച്ച ഗ്ലാസ്സ് കഷണങ്ങളും ഇണികളും മൂന്ന് സ്റ്റീൽ ബോംബുകളും മറ്റൊരു സ്ഥലത്ത് ഒളിപ്പിച്ച നിലയിലും തെളിവുകൾ നശിപ്പിക്കുന്നതിനുവേണ്ടി സംഭവസ്ഥലത്തും പരിസരത്തും ഉണങ്ങിയ തെങ്ങോലകളും മറ്റും കൂട്ടിയിട്ട് തീയിട്ടതായും കാണപ്പെട്ടു. സംഭവത്തിൽ പരിക്കേറ്റ നിജീഷിന്റെ വീടും പരിസരവും പരിശോധിച്ചതിൽ ഒരു സ്റ്റീൽ ബോംബ് കണ്ടെടുത്തിട്ടുണ്ട്. ഇതിലേയ്ക്ക് നിജീഷിനെയും പിതാവ് ബാലനെയും പ്രതിയാക്കി എക്സ്പ്ലോസീവ് ആക്ട് 4,5 എന്നീ വകുപ്പുകൾപ്രകാരം ക്രൈം 490/15 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തു. എ.ഡി.ജി.പി. നോർത്ത് സോൺ, കണ്ണൂർ റേഞ്ച് ഡി.ഐ.ജി., കണ്ണൂർ ജില്ലാ പോലീസ് മേധാവി തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് കേസന്വേഷണം ഊർജ്ജിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെയുള്ള അന്വേഷണത്തിൽ മേൽപ്പറഞ്ഞ പ്രതികൾക്കു പുറമേ സി.പി.ഐ (എം) തുവക്കുന്ന് ബ്രാഞ്ച് സെക്രട്ടറി വി. എം. ചന്ദ്രൻ, സി.പി.ഐ (എം) പൊയിലൂർ ലോക്കൽ കമ്മിറ്റിയംഗം വിജിത് ലാൽ, സി.പി.ഐ.(എം.) ഈസ്റ്റ് ചെറ്റക്കണ്ടി ബ്രാഞ്ച് സെക്രട്ടറി വിനു, സി.പി.ഐ. (എം) പ്രവർത്തകനായ ജിഷ്ണു എന്നിവർ ബോംബ് നിർമ്മാണത്തിന് ഒത്താശയും പ്രേരണയും നൽകിയിട്ടുണ്ടെന്നും ഈസ്റ്റ് ചെറ്റക്കണ്ടി എ.കെ.ജി. നഗർ ജനാധിപത്യ മഹിളാ അസോസിയേഷൻ സെക്രട്ടറി നിർമ്മല, തെളിവ്

LIBRARY ARCHIVES Kerala Legislative Assembly

നശിപ്പിക്കുന്നതിന് കൂട്ടുനിന്നുവെന്നും വെളിവായതിനാൽ ഇവരെ മേൽപ്പറഞ്ഞ സ്ഫോടനക്കേസിൽ പ്രതികളായി ചേർത്തിട്ടുണ്ട്. സംഭവത്തിൽ പരിക്കേറ്റ് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ഇപ്പോഴും ചികിത്സയിൽ കഴിയുന്ന രതീഷ്, നിജീഷ് എന്നിവരൊഴികെ അഞ്ച് പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ നിർമ്മലയുടെ പേരിലുള്ള കറ്റം ബെയിലബിൾ ഒഫൻസായതിനാൽ ഇവരെ സ്റ്റേഷനിൽനിന്നും ജാമ്യം നൽകി വിട്ടയയ്ക്കുകയും മറ്റ് നാല് പ്രതികൾ ഇപ്പോൾ റിമാൻഡിൽ കഴിഞ്ഞുവരികയുമാണ്. സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ കണ്ണൂർ ജില്ലയിലെ ബോംബ് നിർമ്മാണവും ആയുധശേഖരണവും പൂർണ്ണമായി ഉന്മൂലനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം കണ്ണൂർ റേഞ്ച് ഡി.ഐ.ജി-യുടെ നേതൃത്വത്തിൽ രണ്ട് ബോംബ് ഡിറ്റക്ഷൻ സ്ക്വാഡിനെ നിയോഗിക്കുകയുണ്ടായി. ഈ ടീം ഡോഗ് സ്ക്വാഡിന്റെ സേവനം ഉപയോഗിച്ച് 10-6-2015 മുതൽ 24 മണിക്കൂറും കണ്ണൂർ ജില്ലയിൽ വ്യാപകമായ റെയ്ഡ് നടത്തുകയാണ്. 13-7-2015 വരെ ഈ പ്രദേശങ്ങളിൽ 360 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. റെയ്ഡുകൾക്കിടയിൽ കണ്ടെത്തിയ ബോംബുകളും ആയുധങ്ങളും ബന്തവസ് വരുത്തി കൊളവല്ലൂർ (ക്രൈം 502/15, 504/15), കൂത്തുപറമ്പ് (ക്രൈം 1122/15), പാനൂർ (ക്രൈം 607/15), കതിരൂർ (ക്രൈം 787/15) പോലീസ് സ്റ്റേഷനുകളിൽ അഞ്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. സ്ഫോടനം സംബന്ധിച്ച കേസ് പാനൂർ പോലീസ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷിക്കുന്നുണ്ട്. സ്ഥലം എം.എൽ.എ. ആയ കൃഷിവകുപ്പുമന്ത്രി ശ്രീ. കെ.പി. മോഹനൻ സംഭവമുണ്ടായ പ്പോൾത്തന്നെ എന്നെ വിളിച്ച് വിവരങ്ങൾ അറിയിക്കുകയുണ്ടായി.

13. ഫയർ സ്റ്റേഷൻ

11.33 AM]

ശ്രീ. കെ. ദാസൻ: സർ, വർഷങ്ങളായി കൊയിലാണ്ടി നിവാസികൾ ആവശ്യപ്പെടുന്ന കാര്യമാണ് കൊയിലാണ്ടിയിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്നുള്ളത്. ഞാൻ ഈ നിയമസഭയിൽ വന്നതിനുശേഷം ആറാമത്തെ തവണയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇതുവരെ ഇതുസംബന്ധിച്ച ഗൗരവമായ ഒരു മറുപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കൊയിലാണ്ടി നഗരസഭ സ്ഥലം വിട്ടുനൽകുകയുണ്ടായി. 18-12-2012-ലെ ഫയർ ആന്റ് റെസ്ക്യൂ കമാൻഡന്റ്

LIBRARY ARCHIVES Kerala Legislative Assembly